പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **155**

01-12-14 – ൽ മറുപടിയ്ക്ക്

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ "മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളും കടാശ്വാസവും**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. വർക്കല കഹാർ:**<br>**ശ്രീ. പാലോട് രവി:**<br>**ശ്രീ. വി.റ്റി.ബൽറാം:**<br>**ശ്രീ. വി.പി.സജീന്ദ്രൻ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി "മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളും കടാശ്വാസവും" എന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) | മിഷൻ 676-ൽ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കടാശ്വാസം ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി | 1) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ആം ആദ്മി ബീമയോജന പദ്ധതി .<br>2) പ്രസവാനന്തര ചെലവിനായി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖാന്തിരം നൽകുന്ന ധനസഹായം, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു കൂടി ലഭ്യമാക്കുന്ന പദ്ധതി.<br>3) മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന നൽകി വരുന്ന വിവിധ ധനസഹായ നിരക്കുകളുടെ വർദ്ധന.<br>4) നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം.<br>5) മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം.<br>6) സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം.<br>7) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് നൽകുന്ന "വിദ്യാതീരം" എന്ന പദ്ധതി. |
| (സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്, വിശദമാക്കുമോ; | സി) | ആം ആദ്മി ബീമ യോജന പദ്ധതി , പ്രസവാനന്തര ചെലവിനായുള്ള പദ്ധതി, വിവിധ ധനസഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾ ക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള പ്രസവാനുകൂല്യമായി 14,000/- രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരുന്നു.<br>2014-15 കാലയളവിലേക്ക് മത്സ്യത്തൊഴിലാളികൾക്ക് വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യഫെഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 9 തീരദേശ ജില്ലകളിലും മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>മത്സ്യത്തൊഴിലാളി കോളനി നവീകരണത്തിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 14 കോളനികളുടെ നവീകരണത്തിനായി 772.5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. (303 പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനും 233 ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനും) രണ്ടാം ഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 54 കോളനികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും 1282 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖേന സ്വീകരിച്ചു വരികയാണ്.<br>വിദ്യാതീരം പദ്ധതി പ്രകാരം തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ സൗജന്യ പരിശീലനം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? വിശദമാക്കുമോ? | ഡി) | ***ആം ആദ്മി ബീമ യോജന :***<br>മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി യഥാക്രമം 08.07.2014 ലെ ജി.ഒ(ആർ.ടി) നം. 561/14/മ.തു.വ പ്രകാരവും 15.07.2014 ലെ ജി.ഒ(ആർ.ടി) നം. |

| | | |
|---|---|---|
| | | 594/14/മ.തു.വ പ്രകാരവും നൽകിയിട്ടുണ്ട്.<br>***അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതി:***<br>അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യമായി 14,000/- രൂപ നൽകുന്ന പദ്ധതി നിലവിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ്. ടി പദ്ധതി മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും ബാധകമാക്കുന്നതിനുള്ള നടപടിയ്ക്കായി പ്രൊപ്പോസൽ തൊഴിൽ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.<br>***മത്സ്യബോർഡ് നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുക :***<br>സർക്കാരിന്റെ 20.11.2014 ലെ സ.ഉ(സാധാ) 1002/2014/മ.തു.വ നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>1) പെൺകുട്ടികളുടെ വിവാഹധനസഹായം നിലവിലുള്ള 1500/- രൂപയിൽ നിന്നും 10000/- രൂപയായി വർദ്ധിപ്പിച്ചു.<br>2) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുള്ള മരണത്തിനുള്ള ധനസഹായം നിലവിലുള്ള 20,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചു.<br>3) മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം നിലവിലുള്ള നിരക്കായ 5000/- രൂപയിൽ നിന്ന് 15,000/- രൂപയായി വർദ്ധിപ്പിച്ചു.<br>***നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുക:***<br>9 തീരദേശ ജില്ലകളിലും മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>***മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുക:***<br>പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.<br>***സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുക***<br>പദ്ധതി നടപ്പിലാക്കാനുള്ള സബ്സിഡി തുകയായ ഒരു കോടി രൂപ സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 100 ഡീസൽ എഞ്ചിൻ മത്സ്യഫെഡ് ജപ്പാനിൽ നിന്നും ഇറക്കു |

| | | |
|---|---|---|
| | | മതി ചെയ്തിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഡീസൽ എഞ്ചിൻ പരീക്ഷണാടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഡീസൽ എഞ്ചിൻ വിതരണത്തിനായി എല്ലാ ജില്ലകളിലും താൽപര്യമുള്ള മത്സ്യത്തൊഴിലാളികളിൽ നിന്നും അപേക്ഷ സ്വീകരിച്ചു വരുന്നു.<br><br>**<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലനം നൽകുക</u>**<br>26/09/2014 ലെ സ.ഉ(സാധാ) 821/14/മ.തു.വ നമ്പർ ഉത്തരവ് പ്രകാരം വിദ്യാതീരം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായുള്ള ഫണ്ട് 2405-00-800-92-12 (NP) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |

Jayasree

**സെക്ഷൻ ഓഫീസർ**